# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4812 — 18.12.14 ൽ - മറുപടിക്ക്

## ഇ-പി.ഡി.എസ്. പ്രകാരം എഫ്.എം.പി.ഡി.എസ്. നടപ്പാക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, പി.എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, സണ്ണി ജോസഫ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഇ-പി.ഡി.എസ്. പ്രകാരം എഫ്.എം.പി.ഡി.എസ് (ഫുഡ് ഗ്രയ്ൻസ് മൂവ്മെന്റ് ഫോർ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) | എഫ്.എം.പി.ഡി.എസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യസാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, സുരക്ഷിതമാക്കുക, കരിഞ്ചന്ത തടയുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. ഇത് വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ്. അലർട്ട് സംവിധാനമാണ്. ഇതിനായി സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമുണ്ട്. **(www.civilsupplieskerala.gov.in)** |
| (സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) & (ഡി) | ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുമ്പോൾ തന്നെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് എസ്.എം.എസ്. വഴി അലർട്ട് ലഭിക്കുന്നുണ്ട്. ഇതിൽ ലിഫ്റ്റ് ചെയ്ത എ.ഡബ്ല്യൂ.ഡി നമ്പർ, വിട്ടെടുത്ത തീയതി, സമയം, ഇനം, അളവ്, ട്രക്ക് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിട്ടെടുക്കൽ വിവരങ്ങൾ വെബ്സൈറ്റിൽ നൽകാനായി ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്ത് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒന്നാം കംപോണന്റിന്റെ ഭാഗമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ പകുതി ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ